# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/41081/17/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 27.10.2023

---

വായന:- 1.03.01.2014 ലെ സ.ഉ (പി) നം.01/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
2.19.07.2014 ലെ സ.ഉ (പി) നം.21/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
3.28.05.2015 ലെ സ.ഉ (പി) നം.16/2015/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
4.06.05.2017 ലെ ഇജി3/4372/16/ഡിടിഇ നമ്പർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംസ്ഥാന തല അന്തിമ സംയോജിത സീനിയോരിറ്റി പട്ടിക
5.21.07.2022 ലെ സ.ഉ (അച്ചടി) നം.6/2022/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
6.16.03.2023 ലെ സ.ഉ (അച്ചടി) നം.4/2023/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്
7.25.09.2023 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ്**

വായന (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും, ആദ്യ നിയമന തസ്തികയുടെ സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ വായന (7) പ്രകാരം നടപ്പ് വർഷം ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ചിരുന്ന രണ്ട് പേരിൽ ഒരാൾ ടി ഉദ്യോഗക്കയറ്റം സ്ഥിരമായി പരിത്യജിച്ചത് വഴി വന്ന ഒഴിവിലേക്ക്, വായന സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വായന (4) സംസ്ഥാന തല സംയോജിത അന്തിമ സീനിയോരിറ്റി പട്ടികയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന്; 1958 - ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 28 (b) (ii), 28 (bb) പ്രകാരം ₹ 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വായന (4) സീനിയോരിറ്റി പട്ടികയിലെ ക്രമ.നം | ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിക്കുന്ന ജീവനക്കാരൻെറ പേര്, സ്ഥാപനം, പെൻ | ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|
| 43 | ശ്രീ.സജിമോൻ.ടി.മാത്യു നോൺ - ടെക്ക്നിക്കൽ അറ്റൻറർ, സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, മുട്ടം പെൻ - 385657 | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,പൈനാവ്,ഇടുക്കി (തുറന്ന ഒഴിവ്) |

ടി ഉദ്യോഗസ്ഥന് തസ്തികമാറ്റ നിയമനത്തിനുള്ള മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്യർ (എംഓപി) യോഗ്യത കരസ്ഥമാക്കുന്നതിന് വായന (6) ലെ ഉത്തരവ് തീയതിയായ 16.03.2023 മുതൽ രണ്ട് വർഷത്തെ ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്.പ്രസ്തുത കാലയളവിനുള്ളിൽ ടി യോഗ്യത നേടാനാകാത്ത പക്ഷം മുൻ തസ്തികയിലേക്ക് മടക്കി അയക്കുന്നതാണ്.

വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം ടി ഉദ്യോഗസ്ഥൻ **07.11.2023 നോ അതിനു മുൻപോ** ബന്ധപ്പെട്ട സ്ഥാപന മേധാവി മുൻപാകെ ജോലിയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടി തസ്തികമാറ്റ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

ടി തസ്തികമാറ്റം സ്ഥിരമയോ / താത്കാലികമായോ പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, പ്രസ്തുത വിവരം നിശ്ചിത മാതൃകയിൽ **02.11.2023 നകം** ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

Draft #28 of File ED1/41081/17/DTE Approved by Senior Administrative Officer on 27-Oct-2023 02:12 PM - Page 1

ക്ലാർക്ക് തസ്തികയിലെ തുടർച്ചയായ മൂന്ന് വർഷ സേവന കാലയളവിനുള്ളിലെ രണ്ട് വർഷ സേവനം ടി തസ്തികയിലെ നിരീക്ഷണ കാലയളവായി ടി ഉദ്യോഗസ്ഥൻ പൂർത്തികരിക്കേണ്ടതാണ്.

തസ്തികമാറ്റ നിയമനം ലഭിച്ച ഉദ്യോഗസ്ഥൻറെ വിടുതൽ / ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ ഡിഡിഎഫ്എസ് വഴി മാത്രം അറിയിക്കേണ്ടതാണ്.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1.പ്രിൻസിപ്പാൾ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പൈനാവ്,ഇടുക്കി
2.പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,മുട്ടം,ഇടുക്കി (ഡിടിഇ വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ്

1.സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
2.ശ്രീ.സജിമോൻ.ടി.മാത്യു,നോൺ - ടെക്ക്നിക്കൽ അറ്റൻഡർ,സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, മുട്ടം (സ്ഥാപന മേധാവി മുഖാന്തിരം)
3.സൂപ്രണ്ട്, ജീവനക്കാര്യം (ഡി) / (ജി),ഡിടിഇ (ഡിഡിഎഫ്എസ് വഴി)
4.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
5.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം.

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 27.10.2023
Reason: Approved

Draft #28 of File ED1/41081/17/DTE Approved by Senior Administrative Officer on 27-Oct-2023 02:12 PM - Page 2

The document is digitally approved. Hence signature is not needed.